ഇംപ്ലിമെന്റേഷൻ നടക്കുന്ന സ്ഥാപനങ്ങളിൽ നെറ്റ്‌വർക്ക് വയറിംഗ് കെൽട്രോൺ പൂർത്തീകരിച്ചു. ഹൈബർ ഒപ്റ്റിക് കണക്ഷൻ പ്രൈമറി ഹെൽത്ത് സെന്റർ വെള്ളിയിലേയ്ക്ക് 26-10-2015-ന് ബി.എസ്.എൻ.എൽ.-ന് വർക്ക് ഓർഡർ കൊടുത്തു. പ്രൈമറി ഹെൽത്ത് സെന്റർ വെള്ളിയിലെ ഹാർഡ്‌വെയറിനുവേണ്ടി 23-11-2015-ന് കെൽട്രോണിന് വർക്ക് ഓർഡർ നൽകി. മറ്റ് സ്ഥാപനങ്ങളിലെ ഹാർഡ്‌വെയറിന്റെ സ്പെസിഫിക്കേഷൻ പരിശോധന ടെക്നിക്കൽ കമ്മിറ്റി പൂർത്തിയാക്കി വർക്ക് ഓർഡർ തയ്യാറായി വരുന്നു. സോഫ്റ്റ്‌വെയറിന്റെ അക്കൗണ്ടിംഗ് ടെസ്റ്റിംഗ്, ഓഡിറ്റിംഗ്, സർട്ടിഫിക്കേഷൻ എന്നിവയിലേയ്ക്ക് സി-ഡിറ്റുമായും സെർട്ട്-കെയുമായും ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങളുമായി കരാർ ഒപ്പിടുന്നതിന് തീരുമാനമെടുത്തു.

(സി) കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് - 86.6945 കോടി രൂപ

സംസ്ഥാനത്തിൽനിന്ന് ലഭിക്കുന്നത് - 9.4259 കോടി രൂപ

ആകെ - 96.1204 കോടി രൂപ

ഇതിൽ കേന്ദ്രം 43.34 കോടി രൂപയും സംസ്ഥാനം 50 ലക്ഷം രൂപയുമാണ് ഇതുവരെ അനുവദിച്ചത്. മൊത്തമായി കൺസോളിഡേറ്റഡ് ഫണ്ട് എന്ന നിലയിലാണ് പദ്ധതി ചെലവ് നടത്തുന്നത്. ജനുവരി 2016 വരെ 5.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd. (കരാർ ഒപ്പുവച്ചു.) ഫീൽഡ് സർവ്വേ കെൽട്രോണുമായി (കരാർ ഒപ്പുവച്ചിട്ടുണ്ട്) ഹാർഡ്‌വെയർ സപ്ലൈയ്ക്ക് കെൽട്രോണുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). കേബിൾ കണക്ഷന് ബി.എസ്.എൻ.എൽ.-മായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). അക്കൗണ്ടൻസ് ടെസ്റ്റിംഗ്, ഓഡിറ്റിംഗ് എന്നിവയ്ക്കായി സി-ഡിറ്റുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല).

സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ കുറവ്

10(707) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിസമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) നരിക്കുനി സി.എച്ച്.സി.-യിൽ കാഷ്വാൽറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മൂന്ന് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു സിവിൽ സർജന്റെയും തസ്തികകളാണുള്ളത്. രാത്രികാലങ്ങളിൽ കാൾ ഡ്യൂട്ടി സൗകര്യം ലഭ്യമാണ്.

(ബി) നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1669/2014/ആകവ തീയതി 25-6-2014, ഉത്തരവ് നമ്പർ (സാധാ) 04/2015/ആകവ തീയതി 1-1-2015 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

(സി) നിലവിൽ താലൂക്കാശുപത്രികളിലാണ് കാഷ്വാൽറ്റി സംവിധാനം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സി.എച്ച്.സി. -കളിലെ സ്റ്റാഫ് പാറ്റേൺ

11(708) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) സ.ഉ.(എംഎസ്.)നമ്പർ 568/2008/ആ.കു.വ. തീയതി 06/1/2008 പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, സ്പെഷ്യാലിറ്റികൾ, ബെഡ് സ്ട്രെങ്ത്, ചികിത്സ/ രോഗപരിശോധനാ സൗകര്യങ്ങൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാന-

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly